"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. **PLGEA-BPE3/1/2024-PLGEA**
ആസൂത്രണ സാമ്പത്തികകാര്യ (ബിപിഇ) വകുപ്പ്
തിരുവനന്തപുരം,
തീയതി: **09-10-2024**

<u>സർക്കുലർ</u>

വിഷയം:- ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് - പൊതുമേഖലാ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യ വാർഷിക അവലോകന റിപ്പോർട്ട് സമയ ബന്ധിതമായി തയ്യാറാക്കുന്നത് സംബന്ധിച്ച്.

സൂചന:- **1. 07/05/1981**-ലെ **G.O.(Ms) No.148/81/GAD** നമ്പർ സർക്കാർ ഉത്തരവ്

**2. 12/10/2021**-ലെ **PLGEA-BPE3/143/2021-PLGEA** നമ്പർ സർക്കുലർ

സൂചന-1ലെ ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി പട്ടികജാതി വിഭാഗത്തിന് **8%** സംവരണവും പട്ടികവർഗ്ഗ വിഭാഗത്തിന് **2%** സംവരണവും സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിഭാഗക്കാരുടെ പ്രാതിനിധ്യം പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉറപ്പു വരുത്താനായി ഈ വകുപ്പ് ഒരു വാർഷിക അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും ഇവരുടെ കുറവുകൾ കണ്ടെത്തി തുടർ നടപടിക്കായി റിപ്പോർട്ടിന്റെ പകർപ്പ് ഭരണ വകുപ്പുകൾക്ക് കൈമാറുകയും ചെയ്യുന്നു. അവലോകന റിപ്പോർട്ടിന്മേൽ ഭരണവകുപ്പുകൾ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് സൂചന-2 പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

**2)** എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും യഥാസമയം റിപ്പോർട്ട് ലഭ്യമാകാത്തതു കാരണം അവലോകന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ആയതിനാൽ എസ്.സി എസ്.റ്റി പ്രാതിനിധ്യം സംബന്ധിച്ച അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ സമയബന്ധിതമായി ഓരോ ക്വാർട്ടറും അവസാനിച്ച് ഒരു മാസത്തിനുള്ളിൽ ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകുന്നു. എല്ലാ

പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മേൽവിവരിച്ച സമയക്രത്തിൽ തന്നെ വിശദാംശങ്ങൾ ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിൽ ലഭ്യമാക്കുന്നുണ്ടെന്ന് അവയുടെ ഭരണ വകുപ്പുകളും ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഈ വകുപ്പ് പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ടിന്മേൽ സൂചന-2-ൽ നിർദ്ദേശിച്ചിരുന്ന പ്രകാരമുള്ള തുടർനടപടികൾ അടിയന്തിരമായി ഭരണവകുപ്പുകൾ കൈക്കൊള്ളേണ്ടതുമാണ്.

**DR RATHAN U KELKAR I A S**

**SECRETARY**

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും /മാനേജിംഗ് ഡയറക്ടർമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ ഭരണ വകുപ്പുകൾക്കും.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Neelima G
Date: 10-10-2024 11:09:53

സെക്ഷൻ ഓഫീസർ